# ബിഷപ്പിന്റെ കത്ത്

കർത്താവിൽ പ്രിയരേ,

ഫെബ്രുവരി മാസത്തിലെ പ്രതിവാര ധ്യാനചിന്തകൾ നമ്മുടെ ദൗത്യനിർവ്വഹണത്തിനും ജീവിത വിശുദ്ധിക്കും കൂടുതൽ സഹായകരമാകട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുന്നു. പ്രസ്തുത ധ്യാനചിന്തകളിൽ അടങ്ങിയിട്ടുള്ള സമ്പൂർണ്ണ സൗഖ്യം, സൃഷ്ടിയോടുള്ള അനുരഞ്ജനം, പാർശ്വവത്കരിക്കപ്പെട്ടവരോടുള്ള ക്രിസ്തുവിന്റെ സമീപനം എന്നീ വിഷയങ്ങൾ ശ്രദ്ധിക്കപ്പെടേണ്ട വേദപുസ്തക ദർശനങ്ങളാണ്. വിശ്വാസസമൂഹത്തെ സംബന്ധിച്ച് പ്രസ്തുത വിഷയങ്ങളിലുള്ള ദൈവവചനപരിജ്ഞാനമില്ലായ്മയും ദൈവബോധ്യത്തോടുള്ള നിരാകരണവും ഗൗരവമായി എടുക്കേണ്ടതാണ്. ഫെബ്രുവരി 22-ാം തീയതി ചാമ്പൽ ബുധനാഴ്ചയോടെ വലിയ നോമ്പിന്റെ ആചാരക്രമങ്ങളിലേക്കു നാം പ്രവേശിക്കുകയാണ്. മനുഷ്യനോടും പ്രകൃതിയോടും പ്രപഞ്ചത്തോടുമുള്ള വിശ്വാസപരമായ ലംഘനങ്ങളിൽ ആത്മതപനത്തോടെ ആത്മാർത്ഥമായി ദൈവസന്നിധിയിൽ ചെലവിടുന്ന പ്രത്യേക ദിനങ്ങളാണ് നോമ്പ്. നോമ്പ് പുതുക്കത്തിന്റെയും പുനഃസമർപ്പണത്തിന്റെയും പുതുജീവന്റെയും തന്മൂലം ഉളവാകുന്ന പ്രത്യാശയുടെയും ദിനങ്ങളാണ്. യെശയ്യാ പ്രവചനം 58-ാം അധ്യായത്തിൽ നോമ്പിനെക്കുറിച്ചു പ്രതിപാദിച്ചിരിക്കുന്ന ചിന്തകൾ വെറുമൊരു ആരാധനയ്ക്ക് അപ്പുറമുള്ള ആത്മാർപ്പണമാണ്. 130-ാം സങ്കീർത്തനം 3-ാം വാക്യത്തിൽ "യഹോവേ, നീ അകൃത്യങ്ങളെ ഓർമ്മവച്ചാൽ കർത്താവേ, ആർ നിലനിൽക്കും" എന്നു നാം വായിക്കുന്നു. ചെറിയ സങ്കീർത്തനങ്ങളിൽ അടങ്ങിയിട്ടുള്ള ദൈവശാസ്ത്രസമ്പന്നമായ പ്രതിപാദ്യവും, വിമോചനം പ്രത്യാശ എന്നീ ചിന്തകളെയും ഇവിടെ നാം പരിചയപ്പെടുന്നു. 6-ാം വാക്യത്തിൽ "ഉഷസ്സിനായി കാത്തിരിക്കുന്നവരെക്കാൾ... എന്റെ ഉള്ളം യഹോവയ്ക്കായി കാത്തിരിക്കുന്നു" എന്ന സാദൃശ്യം നാം കാണുന്നു. പ്രസ്തുത സാദൃശ്യം രാത്രിയുടെ അനുഭവത്തിൽ കഴിയുന്ന ഒരു വ്യക്തിയുടെ പ്രഭാതത്തെക്കുറിച്ചുള്ള ഉത്കടമായ ആഗ്രഹത്തെയാണ് പരാമർശിക്കുന്നത്.



അതുകൊണ്ട് നോമ്പുകാലം വ്യക്തി-കുടുംബ-സഭാ-സാമൂഹ്യ ജീവിതത്തിൽ നാം കൈവരുത്തേണ്ടുന്ന വിശുദ്ധിയുടെ പ്രകാശത്തെക്കുറിച്ച് നമ്മെ ബോധമുള്ളവരാക്കുന്നു. നോമ്പ് ദൈവഹിതപ്രകാരമുള്ള ബന്ധങ്ങളുടെ തകർച്ചയിൽ മനംനൊന്ത് അനുതപിക്കുന്ന, രട്ടിലും വെണ്ണീറിലും ആയിരിക്കുന്ന, ചാരത്തിലിരിക്കുന്ന അനുഭവമാണ്. നമ്മുടെ ഇടവകകളിലും ഉപസഭകളിലും വിശ്വാസഗണം വാസ്തവമായി തങ്ങളുടെ ബന്ധങ്ങളിൽ ദൈവികത കണ്ടെത്തണം. ഇന്നിന്റെ ബന്ധങ്ങൾ പണത്തിന്റെയും സ്വാധീനത്തിന്റെയും സ്ഥിതിയുടെയും അടിസ്ഥാനങ്ങളിലാണ്. അതുകൊണ്ടാണ് യെശയ്യ ദീർഘദർശി ബന്ധങ്ങളിലെ ബന്ധനങ്ങൾ അറുത്തുമാറ്റുന്നതാണ് നോമ്പി ന്റെ സൗഖ്യമെന്നു പ്രവചിക്കുന്നത്. അപ്രകാരമുള്ള ബന്ധങ്ങളിൽ മാത്രമേ അപരന്റെ നഗ്നതയിലും പട്ടിണിയിലും പരിവേദനയിലും സഹാനുഭൂതിയെക്കാൾ ഉപരി എന്റെ വസ്ത്രവും അപരന് ചൂടു നൽകുന്നതിനാണെന്നും എന്റെ ഭക്ഷണവും അപരന്റെ വിശപ്പടക്കാൻ ഉതകുന്നതിനാണെന്നും ഉള്ള ബോധ്യം ഉണ്ടാകുകയുള്ളൂ.

നോമ്പ് പ്രത്യാശയാകണമെങ്കിൽ ഇരുട്ടിന്റെ യാഥാർത്ഥ്യത്തെ മനസ്സിലാക്കുന്നിടത്തു മാത്രമേ തീവ്രമായ പ്രത്യാശ ഉണ്ടാകൂ എന്ന ചിന്ത നമ്മെ ഭരിക്കേണ്ടതുണ്ട്. നാം ജീവിക്കുന്ന കൊച്ചുകേരളം നന്മയോടൊപ്പം തിന്മ വിഷയങ്ങളിലും ഒന്നാമതാണ്. പ്രതിദിനം വർദ്ധിക്കുന്ന തിന്മയുടെ ശക്തീകരണം നന്മയെ തകർത്തുകൊണ്ടിരിക്കുന്നു. നന്മയെ വ്യക്തിഗതമായി മാത്രം കാണുന്നിടത്ത് നന്മ നന്മയല്ലെന്നുള്ള തിരിച്ചറിവ് ഉണ്ടാകണം. തിന്മയുടെ സാഹചര്യത്തിൽനിന്നും വിടുതൽ പ്രാപിക്കുന്ന വ്യക്തിക്കു ലഭിക്കുന്ന അവകാശത്തിന്റെയും പദവിയുടെയും പ്രതിഫലനമാണ് പ്രത്യാശ. നോമ്പുകാലങ്ങളിൽ പ്രത്യാശ അനുഭവിക്കണമെങ്കിൽ, നിരാശ അപ്രത്യക്ഷമാകണമെങ്കിൽ, തിന്മകളുടെ ഘടനകൾക്ക് എതിരായി ഉറച്ച നിലപാടുകൾ

നാം സ്വീകരിക്കണം.

മഹായിടവകയിലെ വിശ്വാസികൾ നോമ്പുദിനങ്ങളിൽ നന്മയോടു പക്ഷം ചേരുന്ന നിലപാടുകളിലേക്കു ചേരട്ടെയെന്ന് ആഗ്രഹിക്കുന്നു. ശുദ്ധീകരണം പ്രാപിച്ച് സമൃദ്ധമായ ജീവൻ ചുറ്റുപാടുകളിലേക്കു വ്യാപിപ്പിക്കുന്നമഹത്തായ സേവനതത്പരത ഏവരിലും വർദ്ധിക്കട്ടെ എന്നും ആഗ്രഹിക്കുന്നു.

ക്രിസ്തുമസ്സിനോട് അനുബന്ധിച്ച് സിംഗപ്പൂർ ഇടവക സന്ദർശിച്ചു. വള രെ അനുഗൃഹീതമായി നടത്തപ്പെട്ട ഗാനശുശ്രൂഷ അത്യന്തം ഹൃദ്യമായിരുന്നു. കരോൾ സർവ്വീസിൽ അർപ്പിക്കപ്പെട്ട സ്തോത്രകാഴ്ച മണക്കാലാ പള്ളിയുടെ ഭാഗിക പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കു ദാനമായിത്ത ന്ന ത് അനുകരണീയമായ ഒരു മാതൃകയാണ്. ഇടവകവികാരി റവ. വർഗീസ് ഏനാദിക്കൽ വർക്കിയെയും ഭാരവാഹികളെയും അഭിനന്ദിക്കുന്നു.

മഹായിടവക ശുശ്രൂഷയിൽ എനിക്കു ലഭിച്ച ആദ്യ നിയോഗസ്ഥാനമായ കണ്ണിക്കൽ ഇടവക (ഇപ്പോൾ ഈസ്റ്റ് കേരള മഹായിടവക) സന്ദർശിക്കുവാനും സ്വീകരണം ഏറ്റുവാങ്ങുവാനും ഇടയായത് ഓർമ്മകളെ പുതുക്കുന്നതിനു സഹായകരമായിരുന്നു.

കടമ്പനാട് ഇടവകയുടെ ഉപസഭയായ മനക്കര, പെരുവേലിക്കര എന്നീ സഭകളുടെ മിഷൻ വീടുകൾ പ്രതിഷ്ഠിച്ചു. ഇടവകവികാരി റവ. ഹാപ്പി ഏബ്രഹാമിനെയും സഭകളുടെ ചുമതലക്കാരെയും അഭിനന്ദിക്കുന്നു.

ക്രിസ്തുമസ്സിനോടനുബന്ധിച്ച് പല സ്ഥലങ്ങളിൽ എക്യുമെനിക്കൽ ഗാനശുശ്രൂഷകളിൽ സംബന്ധിക്കുവാനിടയായി. എനിക്കു ലഭിച്ച പങ്കാളിത്തം മഹായിടവകയ്ക്കു ലഭിച്ച വലിയ ആദരവായും അംഗീകാരമായും മനസ്സിലാ ക്കുന്നു. ബന്ധപ്പെട്ട സഭകളോടും പ്രസ്ഥാനങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു.

നിലയ്ക്കൽ പ്രസ്ഥാനത്തിന്റെ ഭാഗമായ പരിസ്ഥിതി കമ്മറ്റി ബിഷപ്സ് ഹൗസിൽ ചേർന്നു നടത്തിയ കൺസൾട്ടേഷൻ പ്രയോജനകരമായിരുന്നു. ഈ കൺസൾട്ടേഷനിൽ മുഖ്യാതിഥിയായിരുന്നത് സിവാനിയിലുള്ള സൗത്ത് യൂണിവേഴ്സിറ്റിയുടെ റിലീജിയൻ ആൻഡ് എൻവയോൺമെന്റൽ സെന്ററി ന്റെ ഡയറക്ടറായ ഡോ. റോബിൻ ഗോട്ട്ഫ്രൈഡ് ആയിരുന്നു. പിന്നീട് സി. എം. എസ്. കോളജിൽ നടന്ന സെമിനാറിനും അദ്ദേഹം നേതൃത്വം നൽകി. പരിസ്ഥിതിയെയും സാമ്പത്തികശാസ്ത്രത്തെയും ബന്ധപ്പെടുത്തി നിലനിൽക്കുന്ന വികസനപ്രവർത്തനങ്ങളുടെ പ്രാധാന്യം അദ്ദേഹം ശ്രോതാക്കളെ ബോധ്യപ്പെടുത്തി.

ഇവാൻജലിസം ആന്റ് ടൂറിസം മേഖലയ്ക്കു സാധ്യതയുള്ള കൂരുമലയിലുള്ള നമ്മുടെ സഭയ്ക്ക് പുതിയൊരു ദൈവാലയം പണിയുന്നതിനായി ശിലാസ്ഥാപനം നിർവ്വഹിച്ചു.

ജനുവരി 12-ാം തീയതി ബെഥേൽ ചാപ്പലിൽ നടത്തപ്പെട്ട അനുഗൃഹീതമായ ശുശ്രൂഷയിലൂടെ തേവറോലിൽ സിസ്റ്റർ ശാന്തമ്മ ജോസഫ്, പാതാപള്ളിൽ സിസ്റ്റർ ജെസ്സീനാ പി. ജോസഫ് എന്നിവരെ ബെഥേൽ ആശ്രമ സിസ്റ്റർഹുഡ്ഡിലേക്കു പ്രവേശിപ്പിച്ചു. ഇവരുടെ മാതാപിതാക്കളെ ഓർത്ത് സ്തോത്രം ചെയ്യുന്നു. കൂടുതൽ പേർ ദൈവവിളി കേൾക്കുവാനും അനുസ രിക്കുവാനും സമർപ്പിക്കുവാനും ഇടവരട്ടെയെന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

2012ലെ സി. എസ്. ഐ. സിനഡ് വളരെ ക്രമീകൃതമായി കന്യാകുമാരി മഹായിടവകയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. പുതിയ ഭാരവാഹികളായ മോസ്റ്റ് റവ. ജി. ദേവകടാക്ഷം (മോഡറേറ്റർ), റൈറ്റ് റവ. ഡോ. ജി. ദൈവാശിർവാദം (ഡപ്യൂട്ടി മോഡറേറ്റർ), ആർക്കിടെക്ട് എം. എം. ഫിലിപ്പ് (ജനറൽ സെക്രട്ടറി), ഡോ. ബെന്നറ്റ് ഏബ്രഹാം (ട്രഷറാർ) എന്നിവരെ അഭിനന്ദിക്കുന്നു. മഹായിടവകയുടെ അനുമോദനം അറിയിക്കുന്നു.

ഡിസ്ട്രിക്ട് കൗൺസിലുകൾ ആരംഭിച്ചുകഴിഞ്ഞു. വളരെ ചിട്ടയോടെ ജില്ലയുടെ തദ്വാരാ മഹായിടവകയുടെ വികസനവും വളർച്ചയും ലക്ഷ്യമാക്കിയും കാര്യപരിപാടികൾ ക്രമീകരിക്കുവാൻ ജില്ലാ കൗൺസിൽ ഭാരവാഹികളെ ആഹ്വാനം ചെയ്യുന്നു. അംഗങ്ങൾ നിർബ്ബന്ധമായും മുഴുവൻ സമയം കൗൺസിലിൽ പങ്കെടുക്കേണ്ടതാണ്.

ഓസ്ട്രേലിയയിലുള്ള നമ്മുടെ മഹായിടവകാംഗങ്ങൾ ചേർന്ന് ബ്രിസ്ബേയ്ൻ, മെൽബോൺ എന്നിവിടങ്ങളിൽ ആരാധനആരംഭിച്ചു. മുൻകയ്യെടുത്ത ഏവരെയും അഭിനന്ദിക്കുന്നു. ഓസ്ട്രേലിയയിൽ താമസിക്കുന്ന കുടുംബാംഗങ്ങളെ ഈ കൂട്ടായ്മയിൽ ചേർക്കുവാൻ നാട്ടിലുള്ള അംഗങ്ങൾ ഉത്സാഹിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

ഓതറയിലുള്ള സി. എസ്. ഐ. സെന്റർ തിരികെ മഹായിടവകയുടെ അധീനതയിൽ ആയിത്തീർന്നു. റീഡർ ശ്രീ കെ. ജെ. യോഹന്നാനെഅവിടെ താമസിപ്പിച്ച് പുരോഗമനപ്രവർത്തനങ്ങൾ ചെയ്തുവരുന്നു. റവ. ജോബി വർഗീസ് ജോയിയുടെ നേതൃത്വത്തിൽ ഫലകരമായ പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

ചെന്നൈയിലുള്ള നമ്മുടെ ഇടവക സന്ദർശിക്കുവാൻ ഇടയായി. വളരെ ഉത്സാഹത്തോടെ

അവിടെയുള്ള സഭാംഗങ്ങൾ സാക്ഷ്യം നിർവ്വഹിച്ചുവരുന്നു. ഏകദേശം ഒന്നര ഏക്കർ സ്ഥലം സെമിത്തേരിയുടെ ആവശ്യത്തിലേക്കു മേടിച്ച് പ്രമാണം ചെയ്യുവാൻ അവർക്കു കഴിഞ്ഞു. ഇൻഡസ്ട്രിയൽ മിഷന്റെ ആവശ്യത്തിലേക്കായി ഒന്നര ലക്ഷം രൂപ കൈമാറുവാനും ഒരു അധ്യാപികയുടെ ശമ്പളം ക്രമമായി നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കു വാനും സാധിച്ചു. വികാരി റവ. നൈനാൻ ജേക്കബ് അച്ചനെയും ഭാരവാഹികളെയും അഭിനന്ദിക്കുന്നു.

ഇ. എം. എസ്. സംഘടനയുടെ ജനറൽ സെക്രട്ടറി മി. ലുട്ട്സ് ഡ്രഷറും സിനഡ് വകുപ്പുകളുടെ ഡയറക്ടർമാരും മഹായിടവക ഭാരവാഹികളും സ്ഥാപനങ്ങളുടെ നേതൃത്വം വഹിക്കുന്നവരും ബിഷപ്പ്സ് ഹൗസിൽ ചേർന്ന് ഒരു ചർച്ച നടത്തുവാൻ ഇടയായി. മഹായിടവകയുടെ പ്രവർത്തനസരണികളെ പരിചയപ്പെടുത്തുവാനും വികസനോന്മുഖമായ നിർദ്ദേശങ്ങൾ ആരായുവാനും ഈ കൺസൾട്ടേഷൻ ഉപകരിച്ചു.

സി. എം. എസ്. കോളജിലെ അക്കാഡമിക് ഓഡിറ്റ് നടത്തപ്പെട്ടു. വിവിധ വകുപ്പുകളുടെ കാലോചിതമായ പരിഷ്കരണത്തിനും വിദ്യാഭ്യാസ നിലവാരത്തെ ഉയർത്തുന്നതിനും ഈ ഓഡിറ്റ് ഉപകരിക്കും. കോളജിന്റെ സമഗ്രമായ ഉയർച്ചയ്ക്ക് ഇതുപോലുള്ള സംരംഭങ്ങൾ ഇടയാക്കും. NAAC accreditation-ൽ ഉയർന്ന സ്ഥാനം അലങ്കരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു.

മഹായിടവകയിൽ ദീർഘകാലം സ്തുത്യർഹമായി സേവനം ചെയ്ത വെരി റവ. പി. ഒ. വർഗീസ് അച്ചൻ നിത്യതയിൽ പ്രവേശിച്ചു. വളരെ അനുകരണീയമായും മാതൃകാപരമായും മഹായിടവകയ്ക്ക് തന്റെ സേവനങ്ങൾ കാഴ്ചവച്ച ബഹുമാനപ്പെട്ട അച്ചന്റെ ധന്യമായ ജീവിതത്തെ ഓർത്തു സ്തോത്രം ചെയ്യുന്നു.

മഹായിടവകയിൽ പല സഭകളിലായി സേവനമനുഷ്ഠിച്ച സഭാശുശ്രൂഷകൻ ശ്രീ ജോസഫ് ബെഞ്ചമിൻ സാർ നിര്യാതനായി. സാറിന്റെ ശുശ്രൂഷകളെ മഹായിടവക നന്ദിയോടെ ഓർക്കുന്നു.

ഇരുകുടുംബങ്ങളോടുമുള്ള മഹായിടവകയുടെ അനുശോചനം അറിയിക്കുന്നു. സർവ്വകൃപാലുവായ ദൈവം കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

ഏവർക്കും സ്നേഹവന്ദനം!

കർത്തൃശുശ്രൂഷയിൽ,

ബിഷപ്പ്സ് ഹൗസ്
20-01-2012

**റൈറ്റ് റവ. തോമസ് കെ. ഉമ്മൻ**



ബിഷപ്പ്